**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **14-03-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട്- കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പടന്നക്കാട് മേൽപ്പാലം - വെള്ളരിക്കുണ്ട് റോഡ്, മേക്കാട്ട്-എരിക്കുളം റോഡ്, കാഞ്ഞങ്ങാട് ഫ്ലൈ ഓവർ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 1. കാഞ്ഞങ്ങാട് ഫ്ളൈഓവർ കാഞ്ഞങ്ങാട് ഫ്ളൈഓവർ നിർമ്മാണത്തിനായി വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ പദ്ധതിരേഖ കിഫ്ബി യുടെ അംഗീകാരത്തിനായി 20.10.2021-ന് സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 15/02/2022-ൽ Technical Appraisal Report ലഭിച്ചു . ആയതിന് മറുപടി തയ്യാറാക്കുന്നതിന് പദ്ധതിയുടെ കൺസൽട്ടന്റ് ആയ M/s. E I Technologies, Banglore നോട് ആവശ്യപ്പെട്ടിട്ടുണ്ട് . മറുപടി ലഭ്യമാക്കി കിഫ്ബിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . കാഞ്ഞങ്ങാട് ഫ്ളൈഓവർ പദ്ധതിക്ക് ഇതുവരെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. കിഫ്ബിയിൽ നിന്നും ലഭിച്ച Technical Appraisal Reportന് മറുപടി നൽകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2. പടന്നക്കാട് മേൽപാലം -വെള്ളരിക്കുണ്ട് റോഡ് പടന്നക്കാട് മേൽപാലം - വെള്ളരിക്കുണ്ട് റോഡ് എന്ന പദ്ധതിക്കായി 87കോടി രൂപയുടെ ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഡിപിആർ പരിശോധനയോടനുബന്ധിച്ച് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനായുള്ള ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ (TAR) റോഡ് എന്നും പാലങ്ങൾ എന്നും രണ്ടായി തരം തിരിച്ചു കിഫ്ബിയിൽ നിന്നും നൽകിയിരുന്നു. ഇതിൽ റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കായി റോഡിന്റെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയിൽ അംഗീകാരത്തിനായി നൽകിയിട്ടുണ്ട് . സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടെക്നിക്കൽ കമ്മറ്റി അംഗീകാരം ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. പാലങ്ങളുടെ ടെക്നിക്കൽ അപ്രൈസൽ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയിൽ സമർപ്പിക്കുകയും, ആയതിൻ പ്രകാരം ഒന്നാം ഘട്ടമായി - പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ 23/02/2022 ൽ റീടെൻഡർ ചെയ്തു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കരാർ നടപടികൾ പൂർത്തിയായാൽ ഉടൻ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. 3 . മേക്കാട് - എരിക്കുളം റോഡ് പ്രസ്തുത പദ്ധതിക്കായി 16 കോടി രൂപയുടെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് . ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല . കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും . |
| (ബി) | ഈ പദ്ധതികൾക്ക് ധനകാര്യ അംഗീകാരം നൽകിയോ; നൽകിയില്ലെങ്കിൽ എന്തൊക്കെ തടസങ്ങളാണ് നിലവിലുള്ളതെന്നും അത് പരിഹരിച്ച് ധനകാര്യ അംഗീകാരം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | 1. കാഞ്ഞങ്ങാട് ഫ്ളൈഓവർ കാഞ്ഞങ്ങാട് ഫ്ളൈഓവർ നിർമ്മാണത്തിനായി വിശദമായ പഠനത്തിന് ശേഷം തയ്യാറാക്കിയ പദ്ധതിരേഖ കിഫ്ബി യുടെ അംഗീകാരത്തിനായി 20.10.2021-ന് സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും 15/02/2022-ൽ Technical Appraisal Report ലഭിച്ചു . ആയതിന് മറുപടി തയ്യാറാക്കുന്നതിന് പദ്ധതിയുടെ കൺസൾട്ടന്റ് ആയ M/s. E I Technologies, Banglore നോട് ആവശ്യപ്പെട്ടിട്ടുണ്ട് . മറുപടി ലഭ്യമാക്കി കിഫ്ബിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു . കാഞ്ഞങ്ങാട് ഫ്ളൈഓവർ പദ്ധതിക്ക് ഇതുവരെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. കിഫ്ബിയിൽ നിന്നും ലഭിച്ച Technical Appraisal Reportന് മറുപടി നൽകുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2. പടന്നക്കാട് മേൽപാലം -വെള്ളരിക്കുണ്ട് റോഡ് പടന്നക്കാട് മേൽപാലം - വെള്ളരിക്കുണ്ട് റോഡ് എന്ന പദ്ധതിക്കായി 87കോടി രൂപയുടെ ഡിപിആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഡിപിആർ പരിശോധനയോടനുബന്ധിച്ച് എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനായുള്ള ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ (TAR) റോഡ് എന്നും പാലങ്ങൾ എന്നും രണ്ടായി തരം തിരിച്ചു കിഫ്ബിയിൽ നിന്നും നൽകിയിരുന്നു. ഇതിൽ റോഡ് പ്രവൃത്തിയുടെ സാമ്പത്തികാനുമതിക്കായി റോഡിന്റെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിനുള്ള |

| | | | |
|---|---|---|---|
| | | | മറുപടി കിഫ്ബിയിൽ അംഗീകാരത്തിനായി നൽകിയിട്ടുണ്ട് . സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടെക്നിക്കൽ കമ്മറ്റി അംഗീകാരം ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. പാലങ്ങളുടെ ടെക്നിക്കൽ അപ്രൈസ്സൽ റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയിൽ സമർപ്പിക്കുകയും, ആയതിൻ പ്രകാരം ഒന്നാം ഘട്ടമായി - പുളിക്കൽ പാലം, ആനപ്പെട്ടി പാലം, ബാനം കലുങ്ക് എന്നിവയ്ക്ക് 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ 23/02/2022 ൽ റീടെൻഡർ ചെയ്തു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കരാർ നടപടികൾ പൂർത്തിയായാൽ ഉടൻ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. 3 . മേക്കാട് - എരിക്കുളം റോഡ് പ്രസ്തുത പദ്ധതിക്കായി 16 കോടി രൂപയുടെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് . ടെക്നിക്കൽ അപ്രൈസ്സൽ റിപ്പോർട്ടിനുള്ള മറുപടി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല . കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും . |

സെക്ഷൻ ഓഫീസർ